ഉൾപ്പെടെയുള്ള ദുരന്തവുമായി ബന്ധപ്പെട്ട് സൗജന്യ റേഷൻ നൽകിയ ഇനത്തിൽ വലിയൊരു തുക കിട്ടാനുണ്ട്. ഉദ്യോഗസ്ഥന്മാരുടെ പരിധിവിട്ടുള്ള പരിശോധനകളും ഒരുപാട് പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ട്. പുതിയതായി ഗവൺമെന്റ് തുടങ്ങുന്ന ശബരി പരിപാടി വളരെയധികം സൗകര്യമായതാണ്. അത് കുറെക്കൂടി ഫലപ്രദമായി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*: സർ, 2005 ഫെബ്രുവരി മാസത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 14,142 റേഷൻ കടകളാണ് പ്രവർത്തിക്കുന്നത്. ഇതിലെല്ലാം കൂടി 65,95,477 റേഷൻ കാർഡുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് റേഷൻ ഡീലർമാരുടെ വിവിധ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. അവർ നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ 17-3-2005-ന് ബഹുമാനപ്പെട്ട പ്രൊഫ. കെ. വി. തോമസിന്റെയും ശ്രീ. ജോണി നെല്ലൂരിന്റെയും സാന്നിദ്ധ്യത്തിൽ സംഘടനാ ഭാരവാഹികളുമായി ഞാൻ ചർച്ച നടത്തിയിരുന്നു. അവർ പ്രധാനമായും 12 ആവശ്യങ്ങളാണ് ഉന്നയിച്ചിരുന്നത്. ഗവൺമെന്റിന് പരിഹരിക്കാൻ കഴിയുന്ന മിക്കവാറും എല്ലാ ആവശ്യങ്ങളും ചർച്ചയിലൂടെ പരിഹരിച്ചിട്ടുണ്ട്. റേഷൻ ഡീലേഴ്സിന്റെ പ്രധാനപ്പെട്ട ആവശ്യം വില വ്യത്യാസയിനത്തിൽ 1999 മുതൽ നൽകാനുള്ള കുടിശ്ശിക ലഭിക്കണമെന്നുള്ളതായിരുന്നു. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ 39.86 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. അന്ത്യോദയ, അന്നപൂർണ്ണ, അന്നയോജന പദ്ധതികളിൽ ലഭിക്കാനുള്ള കമ്മീഷൻ നൽകണമെന്നതായിരുന്നു അവരുടെ രണ്ടാമത്തെ ആവശ്യം. 2005 ഫെബ്രുവരിവരെയുള്ള കുടിശ്ശിക മുഴുവൻ കൊടുക്കാൻ നടപടി ആയിട്ടുണ്ട്. അന്ത്യോദയ, അന്നയോജന പദ്ധതികൾ പ്രകാരം അരി വിതരണം നടത്തിയ ഇനത്തിൽ മൊത്തവ്യാപാരികൾക്കും ചില്ലറ വ്യാപാരികൾക്കും 676 ലക്ഷം രൂപയും അന്നപൂർണ്ണ പദ്ധതിയിനത്തിൽ 18.46 ലക്ഷം രൂപയും അനുവദിച്ചു കൊടുത്തിട്ടുണ്ട്. വളരെ അനുഭാവപൂർവ്വമായ ചർച്ചയും പരിഗണനയുമാണ് ബഹുമാനപ്പെട്ട അംഗങ്ങളിൽ നിന്നും ലഭ്യമായത്. അതുകൊണ്ട് ഇക്കാര്യങ്ങൾ നല്ല നിലയിൽ കൊണ്ടുപോകാൻ കഴിയുന്നുണ്ട്.

(7) കൂരാച്ചുണ്ട് പഞ്ചായത്തിലെ കൈവശ കൃഷിക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, നിരവധി വർഷങ്ങളായി കൈവശം വച്ച് വരുന്നതും നികുതി അടച്ചുവരുന്നതുമായ കൂരാച്ചുണ്ട് പഞ്ചായത്തിലെ 191 കർഷക കുടുംബങ്ങളിൽ നിന്നും 2003-നുശേഷം നികുതി ഈടാക്കി വരുന്നില്ല. വനംവകുപ്പിന്റെ നിർദ്ദേശം അനുസരിച്ചാണ് നികുതി ഈടാക്കാത്തത്. ദാരിദ്ര്യ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ ഉൾപ്പെടെ ഇതിൽപ്പെടുന്നു. സർക്കാർ ഏജൻസികളിൽ നിന്നുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും ധനകാര്യ സ്ഥാപനങ്ങളുമായി ഇടപാടുകൾ നടത്തുന്നതിനും ഇത് പ്രതികൂലമായി ബാധിച്ചിരിക്കുന്നു. അമ്പത് വർഷത്തിലേറെയായി കൃഷിക്കാർ കൈവശം വച്ച് കൃഷി ചെയ്തുവരുന്നതും ആധാരം, പട്ടയം തുടങ്ങിയ എല്ലാ റവന്യൂ രേഖകളുമുള്ള ഭൂമിയാണിത്. അതിൽപ്പെട്ട ചില ഭൂമികളിൽ പെരുവണ്ണാമുഴി ഫോറസ്റ്റ് റെയ്ഞ്ച് അധികൃതർ ജണ്ട ഇടുകയുണ്ടായി. ജനപ്രതിനിധികളും കൃഷിക്കാരും ജണ്ടയിടുന്നത് തടഞ്ഞു. മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സാബിനാ ബഷീർ, വൈസ് പ്രസിഡന്റ് ശ്രീ. ഒ. ഡി. തോമസ് എന്നിവർ ഉൾപ്പെടെയുള്ള നിരവധി പേരുടെ പേരിൽ കേസ് എടുത്ത് അറസ്റ്റ് ചെയ്യുകയുണ്ടായി. ശ്രീ. ഒ. ഡി. തോമസിനേയും പനങ്ങാട് പഞ്ചായത്തിലെ തോരാട് ബിനി എന്ന വീട്ടമ്മയേയും ഫോറസ്റ്റുകാർ മർദ്ദിച്ചു. ബിനിയുടെ ഭർത്താവിനെ പോലീസ് അറസ്റ്റ് ചെയ്തു. യഥാർത്ഥത്തിൽ ഈ കേസുകളെല്ലാം പിൻവലിക്കേണ്ടതാണ്. കൈവശഭൂമിക്ക് നികുതി ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. ഫോറസ്റ്റു വകുപ്പുമായിട്ടുള്ള തർക്കം പരിഹരിക്കാൻ ഫോറസ്റ്റു വകുപ്പുമന്ത്രിയുടേയും റവന്യൂ വകുപ്പുമന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ ഒരു ഉന്നതതല കോൺഫറൻസ് വിളിച്ചുചേർത്ത് ഇതിനൊരു പരിഹാരമുണ്ടാക്കണം. ആ പ്രദേശത്ത് അങ്ങേയറ്റം സംഘർഷാത്മകമായ ഒരു അവസ്ഥ ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുകയാണ്. അതുകൊണ്ട് ഈ പ്രശ്നത്തിന് സമ്പൂർണ്ണമായ പരിഹാരം കണ്ടെത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, ഭൂനികുതി നേരത്തെ ഈടാക്കിയ സ്ഥലമാണെങ്കിൽ ഈ സ്ഥലം ഇപ്പോഴും നികുതിദായകന്റെ കൈവശം ആണെങ്കിൽ തുടർന്നും നികുതി സ്വീകരിച്ചു കൊള്ളണമെന്ന് ഇടക്കാലത്ത് ഒരു ഉത്തരവ് റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നും പുറത്തിറക്കിയിട്ടുണ്ട്. അത് ആയിരക്കണക്കിന് മലയോര കർഷകർക്ക് വലിയ സഹായകമായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വിഷമതയ്ക്ക് ഒരു പരിഹാരമുണ്ടാകുന്നതാണ്. രണ്ടാമത് കൂരാച്ചുണ്ട് പ്രദേശത്ത് വനാതിർത്തി ജണ്ടയിട്ട് 191 കുടുംബങ്ങൾ 1-1-1977-നുശേഷം കുടിയേറിയതാണെന്ന കാരണത്താൽ ഫോറസ്റ്റ് വകുപ്പ് അവരെ ഇറക്കിവിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. അതിനെതിരായി ചില പ്രക്ഷോഭങ്ങൾ ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടായി. ക്രമസമാധാന പ്രശ്നം അവിടെ ഉദിച്ചു. ആ സാഹചര്യത്തിൽ ജണ്ട ഇടുന്നത് തൽക്കാലം നിർത്തിവയ്ക്കാൻ ഫോറസ്റ്റ്

ഡിപ്പാർട്ടുമെന്റിൽ നിന്നു തന്നെ ഉത്തരവ് നൽകിയിട്ടുണ്ട്. ഈ പ്രശ്നം രമ്യമായി പരിഹരിക്കാൻ കഴിയുമെന്ന് വിചാരിക്കുകയാണ്. ഏതായാലും തുടർന്നും ചർച്ച നടത്തുന്നതാണ്. കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന പരിതസ്ഥിതി ഉണ്ടാകില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്.

(8) മലപ്പുറം ജില്ലയിലെ വിദ്യാഭ്യാസ ജില്ലകൾ വിഭജിക്കണമെന്ന ആവശ്യം

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, മലപ്പുറം ജില്ലയിലെ വളരെ വിസ്തൃതമായ വിദ്യാഭ്യാസ ജില്ലകളും ഉപജില്ലകളും വിഭജിക്കേണ്ടതിന്റെ അനിവാര്യതയിലേക്ക് ബഹുമാനപ്പെട്ട മന്ത്രിയുടേയും സർക്കാരിന്റേയും ശ്രദ്ധക്ഷണിക്കുകയാണ്. ജനസംഖ്യയിൽ മുമ്പിൽ നിൽക്കുന്ന മലപ്പുറം ജില്ല സ്കൂളുകളുടേയും അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും എണ്ണത്തിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനത്താണ്. 1378 സ്കൂളുകൾ 23,703 അദ്ധ്യാപകർ, 7,09,556 വിദ്യാർത്ഥികൾ. ഇതാണ് മലപ്പുറം ജില്ലയിലെ കണക്ക്. സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 15 ശതമാനവും അദ്ധ്യാപകരിൽ 13 ശതമാനവും വിദ്യാർത്ഥികളിൽ 13.5 ശതമാനവും മലപ്പുറം ജില്ലയിലാണ്. എന്നാൽ വിദ്യാഭ്യാസ ഓഫീസുകളുടെ കാര്യത്തിൽ 5.88 ശതമാനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ കാര്യത്തിൽ 10.5 ശതമാനവും മാത്രമാണ്. സ്കൂളുകളുടേയും വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടെയും അനുപാതം പ്രകാരം ശരാശരി 12.5 ശതമാനം ഓഫീസുകൾ ജില്ലയിൽ വേണ്ടതാണ്. 3.5 ശതമാനം അദ്ധ്യാപകരും വിദ്യാർത്ഥികളും ഉള്ള പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ രണ്ട് ഡി. ഇ. ഒ. ഓഫീസുകളുണ്ട്. അതുപോലെ മലപ്പുറം ജില്ലയിൽ ആറ് താലൂക്കുകളിലൊന്നായ ഏറനാട് താലൂക്കിനോളം വലിപ്പം മാത്രമുള്ള ആലപ്പുഴ ജില്ലയിലും മൂന്ന് ഡി. ഇ. ഒ. ഓഫീസുകളുണ്ട്. 6 ശതമാനം മാത്രം അദ്ധ്യാപകരും വിദ്യാർത്ഥികളുമുള്ള കോട്ടയം ജില്ലയിൽ നാല് ഡി. ഇ. ഒ. ഓഫീസുകളുണ്ട്. 8 ശതമാനം അദ്ധ്യാപകരും വിദ്യാർത്ഥികളുമുള്ള എറണാകുളത്ത് നാല് ഡി. ഇ. ഒ. ഓഫീസുകളും ഉണ്ട്. എന്നാൽ 13.5 ശതമാനം അദ്ധ്യാപകരും വിദ്യാർത്ഥികളും ഉള്ള മലപ്പുറം ജില്ലയിൽ രണ്ട് ഡി. ഇ. ഒ. ഓഫീസുകളാണുള്ളത്. ഡി. ഇ. ഒ. ഓഫീസുകളിലെത്താൻ തന്നെ 50 കിലോമീറ്ററും എ.ഇ.ഒ. ഓഫീസുകളിലെത്താൻ 25 കിലോമീറ്ററും യാത്ര ചെയ്യേണ്ട സ്ഥിതിയാണുള്ളത്. മറ്റ് ജില്ലകളിലെ ഉപജില്ലകളിൽ നാൽപ്പതും അതിൽ കുറവും സ്കൂളുകളുള്ളപ്പോൾ മലപ്പുറം ജില്ലയിലെ ഉപജില്ലാ ഓഫീസുകളുമായി ബന്ധപ്പെട്ട് 90-ൽ അധികം സ്കൂളുകളുടെ പ്രവർത്തനങ്ങൾ നടക്കുകയാണ്. ജോലി ഭാരം കൊണ്ട് ഓഫീസുകൾ വീർപ്പുമുട്ടുകയാണ്. അതുകൊണ്ട് മലപ്പുറം ജില്ലയിലെ മലപ്പുറം—തിരൂർ എന്നീ വിദ്യാഭ്യാസ ജില്ലകൾ വിഭജിച്ച്

LIBRARY ARCHIVES Kerala Legislative Assembly